# പതിമൂന്നാം കേരള നിയമസഭ
# പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3084 — 28.01.2014 ൽ - മറുപടിക്ക്

## എഫ്.എം.പി.ഡി.എസ്. പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പാലോട് രവി<br>,, എ. പി. അബ്ദുള്ളക്കുട്ടി<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, ഷാഫി പറമ്പിൽ | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) എഫ്.എം.പി.ഡി.എസ്. നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;<br><br>(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകാമോ; | (എ) & (ബി) | എഫ്.എം.പി.ഡി.എസ്. പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഭക്ഷ്യസാധനങ്ങളുടെ ഉപഭോക്താക്കളിലേക്കുള്ള നീക്കം നിരീക്ഷിക്കുക, സുരക്ഷിതമാക്കുക, കരിഞ്ചന്ത തടയുക. ഉപഭോക്താവിന്റെ അറിയാനുള്ള അവകാശത്തെ ശക്തിപ്പെടുത്തുക തുടങ്ങിയവയാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. ഇത് വെബ് അടിസ്ഥാനമാക്കിയുള്ള എസ്.എം.എസ്. അലർട്ട് സംവിധാനമാണ്. ഇതിനായി സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാനുള്ള സംവിധാനമുണ്ട്. (**www.civilsupplieskerala.gov.in**) |
| (സി) ഇതുമൂലം എന്തെല്ലാം നേട്ടങ്ങളാണ് ഉപഭോക്താക്കൾക്ക് ലഭിക്കുന്നത്; വിശദമാക്കുമോ; | (സി) | വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉപഭോക്താക്കൾക്ക് ഭക്ഷ്യസാധനങ്ങൾ എഫ്.സി.ഐ.യിൽ നിന്നും വിട്ടെടുക്കുമ്പോൾ തന്നെ എസ്.എം.എസ്. വഴി അലർട്ട് ലഭിക്കുന്നുണ്ട്. ഇതിൽ ലിഫ്റ്റ് ചെയ്ത താലൂക്ക് സപ്ലൈ ഓഫീസിലെ എ.ഡബ്ല്യൂ.ഡി. നമ്പർ, വിട്ടെടുത്ത തീയതി, സമയം, ഇനം, അളവ്, ട്രക്ക് നമ്പർ എന്നീ വിവരങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ഡി) | വിവരങ്ങൾ വെബ്സൈറ്റിൽ നൽകാനായി പ്രത്യേകം ജീവനക്കാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) എന്തെല്ലാം കേന്ദ്രസഹായമാണ് ഇതിനുവേണ്ടി ലഭിക്കുന്നത്? | (ഇ) | സംസ്ഥാനത്ത് **End to End Computerisation** നടപ്പിലാക്കുന്നതിന്റെ ഭാഗമായി **Component I**ൽ കേന്ദ്രസർക്കാർ 50:50 അനുപാതത്തിൽ ഫണ്ട് അനുവദിച്ചതിൽ എസ്.എം.എസ്. കോസ്റ്റ് വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ